A

902

# സമഗ്ര ശിക്ഷാ, കേരളം

## വാർഷിക മൂല്യനിർണയം 2019–20

## മലയാളം

## കേരളപാഠാവലി

സ്റ്റാൻഡേർഡ് : IX

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- പതിനഞ്ചുമിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**ഒന്നുമുതൽ അഞ്ചുവരെ ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക.** (4x1=4)

1. 'തേൻവരിക്ക' എന്ന കഥയിലെ സുരേന്ദ്രന്റെ പ്രവൃത്തിയുമായി യോജിക്കുന്ന പഴഞ്ചൊല്ല് ഏത്?
   - ചക്ക തിന്നുന്തോറും പ്ലാവ് വയ്ക്കാൻ തോന്നും.
   - ചക്ക അധികം തിന്നാൽ ചുക്ക് തിന്നേണ്ടിവരും.
   - നട്ടുതിന്നണം, ചുട്ടുതിന്നരുത്.
   - പന്തിക്കു മുന്നിൽ. പടയ്ക്കു പിന്നിൽ.

2. "പൊറുക്കുന്നില്ലച്ഛാ പൊറുക്കുന്നില്ലേ
   നെഞ്ഞുണ്ടിരുമ്പൊലച്ചൂളയാവുന്നേ" (മതിലേരിക്കന്നി)

   അടിവരയിട്ട പ്രയോഗത്തിൽ തെളിയുന്നതെന്ത്?
   - തീക്ഷ്ണമായ കോപം
   - ഉള്ളു ചുട്ടുപൊള്ളിക്കുന്ന സങ്കടം
   - ഇരുമ്പുചൂളയിൽനിന്നുള്ള അസഹ്യമായ ചൂട്
   - മനസ്സിലെ പ്രതിഷേധാഗ്നി

3. "എന്റെ ജീവിതചരിത്രം ഞാനവരെ പറഞ്ഞുകേൾപ്പിക്കും." ജീവിതചരിത്രം എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർഥം ഏത്?
   - ജീവിതംപോലെയുള്ള ചരിത്രം
   - ജീവിതത്തിന്റെ ചരിത്രം
   - ജീവിതവും ചരിത്രവും
   - ജീവിതമായ ചരിത്രം

4. "ശുഭം പ്രതീക്ഷിപ്പവനേതു രാവും
സൂര്യാംശുദീപ്തം പകൽപോലെ തന്നെ." (വിശ്വം ദീപമയം)

ഈ വരികളുടെ ആശയത്തിന് യോജിച്ച പ്രസ്താവന ഏത്?

- ശുഭാപ്തിവിശ്വാസമാണ് ജീവിതവിജയത്തിനാധാരം.
- സൂര്യകിരണങ്ങൾ പകലിന് ശുഭാപ്തിവിശ്വാസം നൽകുന്നു.
- സൂര്യകിരണങ്ങൾ ജീവിതത്തിന് പ്രതീക്ഷ നൽകുന്നു.
- രാത്രി ശുഭപ്രതീക്ഷ നൽകുന്നില്ല.

5. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി എഴുതുക.

ഗുരു ആരാധനയെ നിരാഡംബരമാക്കി. പാവങ്ങളുടെ മോഹങ്ങളെ അറിവിലേക്ക് തിരിച്ചുവിട്ടു.

**ആറുമുതൽ എട്ടുവരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.** (2x2=4)

6. "അക്രൂരമായൊരു മാനസം പൂണ്ടുള്ളൊ-
രക്രൂരനാകിന യാദവന്താൻ"

വരികളിലെ കാവ്യപരമായ രണ്ടു സവിശേഷതകൾ എഴുതുക.

7. "ഒരു സിറിഞ്ച് വച്ചു വലിച്ചെടുത്തതുപോലെ അവൾ ഉണങ്ങിയിരുന്നു. വസ്ത്രങ്ങൾ പോലും ഓജസ്സറ്റിരിക്കുന്നു. വൈധവ്യത്തിന്റെ വിളർച്ച?"- ഈ വാക്യങ്ങളിൽ തെളിയുന്ന ഉമയുടെ ജീവിതാവസ്ഥയെക്കുറിച്ച് രണ്ടു സൂചനകൾ എഴുതുക.

8. "ബോംബെ പട്ടണത്തിലെ ഒരു ടാക്സിഡ്രൈവർ ഇമ്മാനുവൽ കാന്റിന്റെ പുസ്തകത്തിൽ നിന്നു സമുചിതമായ ഒരു ഉദ്ധരണി തെറ്റുകൂടാതെ പറയുന്നത് കേട്ടപ്പോൾ ഞങ്ങൾ അന്തംവിട്ടുപോയി."

ഈ ജീവിതസന്ദർഭം ലേഖകന് നൽകിയ തിരിച്ചറിവുകൾ എന്തെല്ലാം? രണ്ടോ മൂന്നോ വാക്യത്തിൽ എഴുതുക.

**ഒമ്പതുമുതൽ പതിനാലുവരെ ചോദ്യങ്ങളിൽ അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.**
**(അരപ്പുറം വീതം)** (5x4=20)

9. "ആണായും പെണ്ണായും പോറ്റ്യേന്റച്ഛൻ
അച്ഛൻ കനിവെന്നോടുണ്ടെങ്കില്
പടപൊയ്തു താപ്പൂട്ടി വന്നോളാലോ."

പ്രതിസന്ധിഘട്ടത്തിൽ ഉത്തരവാദിത്തങ്ങൾ സ്വയം ഏറ്റെടുക്കുന്ന മതിലേരിക്കന്നി ഇന്നത്തെ സമൂഹത്തിന് നൽകുന്ന സന്ദേശമെന്ത്? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

10. "അമ്മ കണ്ണിന്റെ മുമ്പിൽ, ഈശ്വരന് നൽകിപ്പോരുന്ന എല്ലാ വിശേഷണത്തോടും കൂടി ജീവിക്കുന്നു."

(കർത്താർസിങ്- രണ്ട് ടാക്സിക്കാർ)

"അമ്മയ്ക്ക് എന്നെ ഓർമ്മയില്ലല്ലോ."

(ഗോപി- കീറിപ്പൊളിഞ്ഞ ചകലാസ്)

രണ്ടു കഥാപാത്രങ്ങളുടെയും അമ്മയോടുള്ള സമീപനം താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

11. "കലപില കൂട്ടുന്ന കുപ്പിവളകളുടെ കിലുങ്ങുന്ന സ്വരം............... മനസ്സിൽ ആഹ്ലാദത്തിന്റെ രോമാഞ്ചം!"

കണ്ണമ്മയുടെ ജീവിതാവസ്ഥ സൂചിപ്പിക്കാൻ 'കുപ്പിവളകൾ' എന്ന ശീർഷകം പര്യാപ്തമാണോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

12. "ആഴിനേർവർണന്റെ ചേവടിത്താരിണ
പൂഴിയിൽക്കാണായി പോകുംനേരം
തേരിൽനിന്നന്നേരം പാരിലിറങ്ങീട്ടു
പാരാതെ കുമ്പിട്ടുകൂപ്പിനിന്നാൻ" (അമ്പാടിയിലേക്ക്)

കാവ്യസന്ദർഭത്തിൽ തെളിയുന്ന അക്രൂരന്റെ മാനസികാവസ്ഥ കണ്ടെത്തി കുറിപ്പ് തയാറാക്കുക.

13. "സ്വാർഥനായ മനുഷ്യൻ സമ്മതിക്കയില്ല. ഒന്നില്ലാതെ പെറുക്കിയെടുക്കും. മനുഷ്യന് എത്ര തിന്നാലും തികയുകയില്ലല്ലോ!" (തേൻവരിക്ക)

പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നതിനോടുള്ള കഥാകൃത്തിന്റെ പ്രതികരണമാണോ ഈ വാക്കുകളിൽ തെളിയുന്നത്? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

14. "വെള്ളാരങ്കല്ലുപോലെയുള്ള കണ്ണുനിറയെ വെള്ളം.
ചുവന്ന കവിളിൽ കണ്ണീർത്തുള്ളികൾ."

"കുളത്തിൽ ചിറ്റോളങ്ങൾ. അപ്പോൾ വെള്ളത്തിനു നൂറായിരം കണ്ണുകൾ.
മൊയമ്മതാലിക്കാക്കയുടെ വെള്ളാരങ്കണ്ണുകൾപോലെ."

തന്നിരിക്കുന്ന സന്ദർഭങ്ങളും പാഠഭാഗവും വിശകലനം ചെയ്ത് 'കളിപ്പാവകളി'ലെ ആഖ്യാനരീതിയുടെയും ഭാഷയുടെയും സവിശേഷതകളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

**പതിനഞ്ചുമുതൽ പതിനേഴുവരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.**
**(ഒരു പുറം വീതം)** (6x2=12)

15. "മടിച്ചാണെങ്കിലും അയ്യപ്പൻ മകനെ ഉപദേശിച്ചു: "തേൻവരിക്ക വിൽക്കരുത്. അത് മക്കളെ പോറ്റിയതല്ലേ?"

"തലയിൽ ഒരു കൊമ്പൊടിച്ചിട്ടെങ്കിലും ആ ദുഷ്ടനെ ..........."

"സുരേന്ദ്രാ, മണ്ണും മരവും തമ്മിലുള്ള ബന്ധം നിനക്കറിഞ്ഞുകൂടാ. മരം വെട്ടിയാൽ വേരുണങ്ങും, മണ്ണുണങ്ങും, കാറ്റത്തും മഴയത്തും പറന്നൊലിച്ചുപോകും."

(തേൻവരിക്ക)

തന്നിരിക്കുന്ന സൂചനകളും കഥയിലെ മറ്റു സന്ദർഭങ്ങളും പരിഗണിച്ച് അയ്യപ്പൻ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയാറാക്കുക.